LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജല വിതരണത്തിന് മാസ്റ്റർ പ്ലാൻ

43 [3630] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുദ്ധജല വിതരണം സംബന്ധിച്ച് പൊതുവായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്;

(സി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

ചെറുകിട കുടിവെള്ള പദ്ധതികൾ

44 [3631] ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. സി. ജോർജ്:
" രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എത്ര കുടിവെള്ള പദ്ധതികളാണ് ഇത്തരത്തിൽ കൈ മാറുവാനായി സർക്കാർ ഉദ്ദേശിക്കുന്നത്; ഇവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഗ്രാമ പഞ്ചായത്തുകളിൽ വേണ്ടത്ര എഞ്ചിനീയറിംഗ്, മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കാതെ, കുടിവെള്ള വിതരണ പദ്ധതികൾ പഞ്ചായത്തുകളെ ഏൽപ്പിക്കുന്നത് പ്രയോജനകരമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനായി ആവശ്യമുള്ളത്ര ജീവനക്കാരെ പഞ്ചായത്തുകളിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1050 കുടിവെള്ള പദ്ധതികൾ. ഇവയുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം

45 [3632] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടം വരെയെത്തിയെന്നറിയിക്കാമോ;

(ബി) ഈ പദ്ധതിക്ക് ആവശ്യമായ ചെക്ക് ഡാം ഭാരതപ്പുഴയിൽ നിർമ്മിക്കുന്നതിന് ടെണ്ടർ ചെയ്തിട്ടുണ്ടോ;

(സി) ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം മുനിസിപ്പാലിറ്റിക്കുവേണ്ടി എൽ.ഐ.സി. സഹായത്തോടെയുള്ള നഗര ശുദ്ധജല വിതരണ പദ്ധതിക്ക് 995 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും 1996 മാർച്ചിൽ നൽകിയിരുന്നു. ഈ പദ്ധതിയുടെ കിണറിന്റെയും പമ്പ് ഹൗസിന്റെയും പണി പൂർത്തീകരിച്ചു. 13 എം.എൽ.ഡി കപ്പാസിറ്റി ട്രീറ്റ്മെന്റ് പ്ലാന്റിന്റെ എൻ.ഐ.റ്റി. (Notice Inviting Tender) സൂക്ഷ്മ പരിശോധനയിലാണ്. പാലപ്പുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ഉന്നത തല ജലസംഭരണിയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ചേരിക്കുന്നിൽ പണിയാനുദ്ദേശിക്കുന്ന ഭൂതല ജലസംഭരണിയുടെ ടെണ്ടർ സൂക്ഷ്മ പരിശോധനയിലാണ്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ 2, 3, 4 സോണിലെ പ്രവൃത്തി പൂർത്തീകരിച്ചു. വിതരണ ശൃംഖലയുടെ 60% പണി പൂർത്തീകരിച്ചു.

(ബി) ഇല്ല.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരണമായി ഈ പദ്ധതി 2005 സെപ്തംബറിൽ ഭാഗീകമായും 2006 മാർച്ചിൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

തരൂർ പഞ്ചായത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ

46 [3633] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിലെ തരൂർ പഞ്ചായത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ സ്തംഭനാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly